**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1226** **07-12-2022 - ൽ മറുപടിയ്ക്ക്**

**മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ആരംഭിച്ച ക്ലിനിക്കുകളുടെ എണ്ണം അറിയിക്കാമോ; ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ഒരു യൂണിറ്റ് എന്ന നിലയിൽ പദ്ധതി നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | **കേന്ദ്ര ആവിഷ്കൃത പദ്ധതിയായ LH&DC (60:40) 2021-2022 "ഇംപ്ലിമെന്റേഷൻ ഓഫ് മൊബൈൽ വെറ്ററിനറി യൂണിറ്റ്" പദ്ധതി പ്രകാരം സംസ്ഥാനത്തിന് അനുവദിച്ച 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾക്ക് ആവശ്യമായ വാഹനം, ഉപകരണങ്ങൾ വാങ്ങൽ എന്നീ നടപടികൾ പൂർത്തിയായിട്ടുണ്ട്. 29 ബ്ലോക്കുകളിൽ ഈ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അവശേഷിക്കുന്ന ബ്ലോക്കുകളിൽ കൂടി സേവനം വ്യാപിപ്പിക്കുന്നതിനുള്ള നടപടി പ്രാരംഭ ഘട്ടത്തിലാണ്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ഒരു യൂണിറ്റ് എന്ന നിലയിൽ പദ്ധതി നടപ്പാക്കുന്നത് നിലവിൽ പരിഗണനയിലില്ല.** |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതവുമായി സംയോജിപ്പിച്ച് മികച്ച രീതിയിൽ പദ്ധതി നടപ്പാക്കുന്നതിന്റ സാധ്യത പരിഗണിക്കുമോ; വ്യക്തമാക്കാമോ; | (ബി) | **മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ പ്രവർത്തനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്.** |
| (സി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്ക് ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | **ഇല്ല. പദ്ധതി വ്യാപിപ്പിക്കുമ്പോൾ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ബ്ലോക്കുകളിലും സേവനം ലഭിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ